✎ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1120

# സൂറ – 38 / സ്വാദ്

## സൂക്തം: 34 – 38

വായുവിനെയും ജിന്നുകളെയും സുലൈമാൻ നബി വരുതിയിലാക്കിയിരുന്നത് വെറും ഒരു രസത്തിനു വേണ്ടിയല്ല. വായുചലനത്തെ നാവികസഞ്ചാരത്തിലും സമുദ്രവ്യാപാരത്തിലും പ്രയോജനപ്പെടുത്തി സ്വരാജ്യത്ത് സാമ്പത്തിക വികസനം സാധ്യമാക്കുകയായിരുന്നു. ജിന്നുകളെ നിർമാണ പ്രവർത്തനങ്ങളിലും സമുദ്രത്തിൽ മുങ്ങി മുത്തു വാരുന്നതിലും .ഏർപ്പെടുത്തി. ജോലിയൊന്നും ഏൽപിക്കാതെ കുറേ ജിന്നുകളെ ചങ്ങലകളിൽ പൂട്ടിയിടുകയും ചെയ്തിരുന്നു

وَلَقَدْ فَتَنَّا سُلَيْمَٰنَ وَأَلْقَيْنَا عَلَىٰ كُرْسِيِّهِۦ جَسَدًا ثُمَّ أَنَابَ ﴿٣٤﴾

34. സുലൈമാനെയും തീർച്ചയായും നാം പരീക്ഷിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പീഠത്തിന്മേൽ നാം ഒരു ജഡം ഇടുകയുണ്ടായി. പിന്നെ അദ്ദേഹം പശ്ചാത്തപിച്ചു മടങ്ങി.

**34**

وَلَقَدْ فَتَنَّا سُلَيْمَانَ = സുലൈമാനെയും നാം തീർച്ചയായും പരീക്ഷിച്ചു

وَأَلْقَيْنَا = നാം എറിഞ്ഞു (ഇടുകയുണ്ടായി) عَلَىٰ كُرْسِيِّهِ = അദ്ദേഹത്തിന്റെ പീഠത്തിന്മേൽ

جَسَدًا = ഒരു ജഡം ثُمَّ أَنَابَ = പിന്നെ അദ്ദേഹം (പശ്ചാത്തപിച്ചു) മടങ്ങി

സുലൈമാൻ നബിയുടെ മഹത്വവും നിഷ്കളങ്കമായ ഭക്തിയും അനുസ്മരിച്ച ശേഷം നേരത്തേ ദാവൂദ് നബിയെ പരീക്ഷിച്ചതുപോലെ സുലൈമാൻ നബിയെയും അല്ലാഹു പരീക്ഷണത്തിലകപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുകയാണ്. എല്ലാ പ്രവാചകന്മാരെയും പരീക്ഷണത്തിലകപ്പെടുത്തുക പ്രവാചകന്മാരോടുള്ള അല്ലാഹുവിന്റെ നടപടിക്രമത്തിന്റെ ഭാഗമാണ്. പ്രവാചകന്മാരുടെ വ്യക്തിത്വം കൂടുതൽ സമുജ്ജ്വലവും സുദൃഢവുമാകുന്നതിനു വേണ്ടിയുള്ള ശിക്ഷണമാണത്. മുഹമ്മദ് നബി(സ)യും അനേകം പരീക്ഷണങ്ങൾ നേരിട്ടിട്ടുണ്ട്. പ്രവാചകന്മാർ മാത്രമല്ല എല്ലാ വിശ്വാസികൾക്കും വിശ്വാസം സാക്ഷാൽക്കരിക്കാൻ പരീക്ഷണങ്ങൾ തരണം ചെയ്യേണ്ടതുണ്ട്. മുസ്‌ലിംകളോട് അല്ലാഹു പറയുന്നു:

وَلَقَدْ فَتَنَّا الَّذِينَ مِن قَبْلِهِمْ ۖ فَلَيَعْلَمَنَّ اللَّهُ الَّذِينَ صَدَقُوا وَلَيَعْلَمَنَّ الْكَاذِبِينَ

(അവർക്കു മുമ്പുള്ളവരെയൊക്കെയും പരീക്ഷിച്ചിരിക്കുന്നു. അങ്ങനെ സത്യവാന്മാരാരെന്നും വ്യാജന്മാരാരെന്നും അല്ലാഹു കണ്ടറിയേണ്ടതുണ്ട് - 29:3). പ്രയാസങ്ങളും പ്രതിബന്ധങ്ങളും നേരിടേണ്ടി വരുമ്പോൾ പ്രവാചകനും വിശ്വാസികളും പതറിപ്പോകാതെ വർധിച്ച ആത്മാർഥതയോടെ, ആദർശ വീര്യത്തോടെ മുന്നോട്ടുപോകണം. 'ഫിത്ന'കൾ രണ്ടു വിധത്തിലുണ്ടാകും: ഒന്ന്, പുറമെ നിന്നുണ്ടാകുന്നതാണ്. പ്രതിയോഗികളുടെ നിഷേധം, അക്രമം, അപവാദ പ്രചാരണം തുടങ്ങിയവ ഉദാഹരണം. രണ്ട്, അവരവരിൽനിന്നുതന്നെ

ഉണ്ടാകുന്നത്. അമിതമായ സ്വാർഥത, അത്യാർത്തി, അശ്രദ്ധ തുടങ്ങി ഭൗതിക താൽപര്യങ്ങൾക്കും ജഡികാസക്തികൾക്കും വശംവദമായി ദീനീബാധ്യതകളിൽ വീഴ്ചവരുത്തുന്നത് ഇതിന് ഉദാഹരണമാകുന്നു. അചഞ്ചലമായ ഈമാനിന്റെയും ആദർശബോധത്തിന്റെയും സഹനത്തിന്റെയും ശക്തി കൊണ്ടാണ് ആദ്യം പറഞ്ഞ ഫിത്നകളെ ജയിക്കേണ്ടത്. രണ്ടാമതു പറഞ്ഞ ഫിത്ന ചില ദുർബല നിമിഷങ്ങളിൽ പ്രവാചകന്മാരുൾപ്പെടെ എല്ലാവർക്കും സംഭവിക്കാവുന്ന മനുഷ്യസഹജമായ വീഴ്ചകളാണ്. വീഴ്ച ബോധ്യമായാൽ ഉടനെ തിരുത്തുകയും ആത്മാർഥമായി പശ്ചാത്തപിക്കുകയും അല്ലാഹുവിനോട് മാപ്പ് തേടുകയുമാണ് അതിനുള്ള പരിഹാരം.

ഇവിടെ സുലൈമാൻ നബി നേരിട്ട പരീക്ഷണം എന്തായിരുന്നുവെന്ന് സൂക്തം വ്യക്തമായി പ്രസ്താവിക്കുന്നില്ല. പൂർവികരും ആധുനികരുമായ മുഫസ്സിറുകൾ പലതരത്തിലാണത് വ്യാഖ്യാനിച്ചിരിക്കുന്നത്. പൂർവിക വ്യാഖ്യാനങ്ങളധികവും ഇസ്രാഈലീ ഇതിഹാസങ്ങളെ അവലംബിച്ചുകൊണ്ടുള്ളതാണ്. ചിലർ ഉദ്ധരിക്കുന്ന കഥയെ ഹദീസുകൾ കൊണ്ട് ബലപ്പെടുത്തുന്നുണ്ടെങ്കിലും സാമാന്യബുദ്ധിക്ക് ഉൾക്കൊള്ളാനാവാത്തതാണ്. ഒരു കഥ ഇങ്ങനെ: ഒരുനാൾ സുലൈമാൻ നബി ശപഥം ചെയ്തു; ഇന്നു രാത്രി ഞാൻ നൂറു ഭാര്യമാരെ പ്രാപിക്കും. ആ നൂറു സ്ത്രീകളിലൂടെ നൂറു മുജാഹിദുകളെ ജനിപ്പിക്കുകയും ചെയ്യും. ഭാര്യമാരുടെ എണ്ണം ചിലർ 90 ആയും ചിലർ എഴുപതായും ചിലർ അറുപത് ആയും ചുരുക്കിയിട്ടുണ്ട്. ഏതായാലും അദ്ദേഹം പറഞ്ഞപടി ആ രാത്രി ഭാര്യമാരെ പ്രാപിച്ചു. അതിൽ ഒരു ഭാര്യ മാത്രമേ ഗർഭിണിയായുള്ളൂ. അവൾ പ്രസവിച്ചതാകട്ടെ ചാപ്പിള്ളയും. അദ്ദേഹത്തിന്റെ പീഠത്തിൽ കൊണ്ടുവന്ന് ഇട്ട ജഡം ഈ ചാപ്പിള്ളയുടേതാണ്. ഇതു കണ്ടപ്പോൾ താൻ പ്രതിജ്ഞയെടുത്ത സന്ദർഭത്തിൽ ان شاء الله (ദൈവേഛയുണ്ടെങ്കിൽ) എന്ന് പറഞ്ഞിരുന്നില്ലല്ലോ എന്ന് അദ്ദേഹം ഓർക്കുകയും ഉടനെ പശ്ചാത്തപിക്കുകയും മാപ്പിരക്കുകയും - استغفار- ചെയ്തു. മറ്റൊരു കഥ ഇങ്ങനെ: സുലൈമാൻ നബിക്ക് ഒരാൺകുട്ടി പിറന്നപ്പോൾ അല്ലാഹു അദ്ദേഹത്തിനു കീഴ്പ്പെടുത്തിക്കൊടുത്തിട്ടുണ്ടായിരുന്ന ചെകുത്താന്മാർ ചിന്തിച്ചു: സുലൈമാൻ നബിയുടെ കാലശേഷം ഈ കുട്ടിയായിരിക്കും രാജാവാകുക. തങ്ങൾ അവന്റെയും അടിമകളാകേണ്ടി വരും. ഈ കുട്ടിയെ കൊന്നു കളഞ്ഞാൽ സുലൈമാന്റെ മരണത്തോടെ തങ്ങൾക്ക് സ്വതന്ത്രരാകാം. ചെകുത്താന്മാരുടെ ഗൂഢാലോചന മനസ്സിലാക്കിയ സുലൈമാൻ നബി തന്റെ കുഞ്ഞിനെ കാറ്റിലൂടെ മേഘങ്ങളിലേക്കയച്ചു. അവനെ മേഘങ്ങൾ സുരക്ഷിതമായി വളർത്താൻ ഏർപ്പാടു ചെയ്തു. മേഘങ്ങളിൽ വെച്ച് കുട്ടി മരിച്ചുപോയി. മേഘങ്ങൾ അതിന്റെ മയ്യിത്ത് സുലൈമാൻ നബിയുടെ പീഠത്തിൽ കൊണ്ടുവന്നിടുകയായിരുന്നു. അല്ലാഹുവിന്റെ മാത്രം അധികാരത്തിൽ പെട്ട ജനിമൃതികളിൽ ഇടപെടാൻ ശ്രമിച്ചതായിരുന്നു അദ്ദേഹത്തിന്റെ വീഴ്ച.

മറ്റൊരു കഥയിൽ പറയുന്നത് പീഠത്തിലെറിയപ്പെട്ട ജഡം ചെകുത്താൻ ആയിരുന്നുവെന്നാണ്. സംഭവമിങ്ങനെ: സുലൈമാൻ നബിയുടെ അമാനുഷ സിദ്ധികളെല്ലാം അദ്ദേഹം ധരിച്ചിരുന്ന ഒരു മോതിരത്തിന്റെ ശക്തികൊണ്ടായിരുന്നു. എന്നും കുളിക്കാൻ പോകുമ്പോൾ ഈ മോതിരം ഊരി തന്റെ ഒരു ഭൃത്യയെ ഏൽപിക്കും. കുളി കഴിഞ്ഞുവന്ന് അതുവാങ്ങി വീണ്ടും ധരിക്കുകയും ചെയ്യും. ഒരുനാൾ അദ്ദേഹം കുളികഴിഞ്ഞെത്തും മുമ്പ് ഒരു ചെകുത്താൻ അദ്ദേഹത്തിന്റെ വേഷം ധരിച്ചുവന്ന് ഭൃത്യയോട് മോതിരം ആവശ്യപ്പെട്ടു. ആഗതൻ സുലൈമാൻ നബി തന്നെ എന്നു ധരിച്ച് ഭൃത്യ മോതിരം കൈമാറി. ഉടനെ ചെകുത്താൻ സുലൈമാൻ നബിയുടെ സിംഹാസനത്തിൽ ചെന്നിരുന്ന് ഭരണം തുടങ്ങി. ജനങ്ങൾ യഥാർഥ സുലൈമാൻ (അ) തന്നെയാണ് സിംഹാസനത്തിലിരിക്കുന്നതെന്ന് ധരിച്ച് ചെകുത്താനെ അനുസരിക്കുകയും സേവിക്കുകയും ചെയ്തു. മോതിരം നഷ്ടപ്പെട്ടതോടെ സുലൈമാൻ നബിയുടെ ശക്തികളും സിദ്ധികളുമെല്ലാം ചോർന്നുപോയി. അദ്ദേഹം ഒരു പാവം മനുഷ്യനായി നാട്ടിൽ അലഞ്ഞു നടക്കേണ്ടിവന്നു. കടൽതീരത്തു ചെന്ന് മുക്കുവന്മാരെ സഹായിച്ച അദ്ദേഹം അവരുടെ ഔദാര്യം കൊണ്ടാണ് ജീവൻ നിലനിർത്തിയത്. മുക്കുവന്മാർ ദിവസവും കുറച്ചു മീൻ കൊടുക്കും. അദ്ദേഹം അത് വേവിച്ചു തിന്നും.

ആദ്യമൊക്കെ ചെകുത്താൻ സുലൈമാൻ തന്നെയാണെന്നതിൽ ആളുകൾക്ക് സംശയമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ഭാര്യമാർ പോലും ചെകുത്താനെ തങ്ങളുടെ ഭർത്താവായി സ്വീകരിച്ച് വഴങ്ങിയത്രെ. പിന്നീട് ചെകുത്താന്റെ പല നടപടികളും ജനങ്ങൾക്ക് ദഹിക്കാതായി. ഇത് യഥാർഥ സുലൈമാനല്ല എന്നു തോന്നിത്തുടങ്ങി. സഹികെട്ട ജനം കലാപമുണ്ടാക്കി രാജാവിനെ പുറത്താക്കി. സിംഹാസനം വിട്ടോടിയ ചെകുത്താൻ മാന്ത്രിക മോതിരം കടലിലെറിഞ്ഞു. ഒരു മത്സ്യം അത് വിഴുങ്ങി. ഒരു ദിവസം മുക്കുവന്മാർ പിടിച്ച മത്സ്യങ്ങളിൽ ഈ മോതിരം വിഴുങ്ങിയ മത്സ്യവും ഉണ്ടായിരുന്നു. അന്ന് മുക്കുവന്മാർ സുലൈമാൻ നബിക്കു കൊടുത്തത് ആ മത്സ്യത്തെയായിരുന്നു. പാകം ചെയ്യാനായി മത്സ്യം മുറിച്ചപ്പോൾ അദ്ദേഹത്തിന് അതു കിട്ടി. ഉടനെ മോതിരം ധരിച്ച് അദ്ദേഹം സിംഹാസനത്തിലേക്കു മടങ്ങി. പലരും വ്യത്യസ്തമായ വിശദാംശങ്ങളോടെ പല രീതിയിൽ ഈ കഥ ഉദ്ധരിക്കുന്നുണ്ട്. ഇമാം ഇബ്നു കസീർ ഉൾപ്പെടെയുള്ള പൂർവസൂരികൾ ഈ വ്യാഖ്യാനത്തെ ഇസ്രഈലീ ഇതിഹാസം എന്നുപറഞ്ഞ് തള്ളിക്കളഞ്ഞിരിക്കുന്നു.

ഈ സൂക്തങ്ങളെ ബുദ്ധിപരമായി വിലയിരുത്തിയ പണ്ഡിതന്മാരും വ്യത്യസ്ത വ്യാഖ്യാനങ്ങളാണ് നൽകിയിട്ടുള്ളത്. ഇമാം റാസിയുടെ വീക്ഷണം ഇതാണ്: പീഠത്തിലെറിയപ്പെട്ട ജഡം സുലൈമാൻ (അ) തന്നെയാണ്. അദ്ദേഹത്തെ ചില രോഗങ്ങൾ ബാധിച്ചു. ഒന്നിനും കഴിയാത്തവിധം ശരീരം ശോഷിച്ചു ദുർബലമായി. വിഷാദത്താൽ മനസ്സും നിഷ്പ്രഭമായി. ഈ അവസ്ഥയിൽ സിംഹാസനത്തിലിരിക്കുന്ന സുലൈമാൻ നബിയെ സിംഹാസനത്തിലെറിയപ്പെട്ട വെറും ജഡമായി വർണിച്ചിരിക്കുകയാണ്.

ജീവികളുടെ ജീവനറ്റ ശരീരത്തെയാണ് جسد എന്നു പറയുക. ശരീരശേഷിയും മനശ്ശക്തിയും ചോർന്നുപോയ സുലൈമാൻ നബി (അ) കേവല ജഡാവസ്ഥയിലായിരുന്നു. തനിക്കു സംഭവിച്ച ഏതോ വീഴ്ച പരിഹരിക്കാൻ അല്ലാഹുവിങ്കൽ നിന്നുണ്ടായ നടപടിയാണിതെന്ന് പിന്നീട് സുലൈമാൻ നബിക്ക് മനസ്സിലായി. അദ്ദേഹം പശ്ചാത്തപിക്കുകയും പൂർവസ്ഥിതി വീണ്ടെടുക്കുകയും ചെയ്തു.

മൗലാനാ മൗദൂദിയുടെ വീക്ഷണത്തിൽ, ഇവിടെ സൂചിപ്പിച്ച 'ജഡം' സുലൈമാൻ നബിയുടെ പുത്രൻ റജ്ആം ആകുന്നു. റജ്ആം തനിക്കു ശേഷം രാജാവാകണമെന്നും

ഭാവിയിൽ രാജാധികാരം തന്റെ സന്തതിപരമ്പരയിൽ തുടരണമെന്നും സുലൈമാൻ (അ) ആഗ്രഹിച്ചു. അത് അല്ലാഹു അദ്ദേഹത്തിനുള്ള പരീക്ഷണമാക്കി. മകൻ റജ്ആം രാജാധികാരം കൈയാളാൻ ഒട്ടും യോഗ്യനായിട്ടല്ല വളരുന്നത് എന്നു കണ്ടപ്പോൾ സുലൈമാൻ നബി അതേക്കുറിച്ച് ബോധവാനായി, ആഗ്രഹം ഉപേക്ഷിക്കുകയും ചെയ്തു. തനിക്കു ശേഷം രാജാധികാരം മകൻ റജ്ആമിനു വസിയ്യത്ത് ചെയ്യാതെയാണ് അദ്ദേഹം മരിച്ചത്. പിന്നീട് ജനങ്ങൾ അയാളെ രാജാവായി വാഴിക്കുകയായിരുന്നു. സുലൈമാൻ നബി ഭയപ്പെട്ടതുപോലെ റജ്ആമിന് നീതിപൂർവം രാജ്യം ഭരിക്കാനോ പുരോഗതിയിലേക്കു നയിക്കാനോ കഴിഞ്ഞില്ല. സർവത്ര കുഴപ്പങ്ങൾ നടമാടി. ഒടുവിൽ രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു.

മൗലാനാ അമീൻ അഹ്സൻ ഇസ്ലാഹിയുടെ വ്യാഖ്യാനവും ചരിത്രത്തെ അവലംബിച്ചുകൊണ്ടാണ്. അദ്ദേഹത്തിന്റെ കാലത്ത് രാജ്യത്തിന്റെ ഭൂരിഭാഗവും ശത്രുക്കൾ പിടിച്ചടക്കുകയുണ്ടായി. ഭരണം ആകെ കുഴഞ്ഞുമറിഞ്ഞു. രാജാവിന്റെ അധികാരം തലസ്ഥാനത്തു പരിമിതമായി. അവിടെ തന്നെയും അദ്ദേഹം ഏറക്കുറെ ഉപരോധിതനായിരുന്നു. ഇതാണ് അദ്ദേഹം നേരിട്ട പരീക്ഷണം. ഈ അവസ്ഥയെയാണ് പീഠത്തിലിട്ട ജഡം എന്നു വർണിച്ചിരിക്കുന്നത്. തന്നിൽ വന്നുപോയ ഏതോ വീഴ്ചയുടെ പേരിൽ അല്ലാഹു നൽകുന്ന ശിക്ഷയാണിതെന്ന് തികഞ്ഞ ദൈവഭക്തനായ സുലൈമാൻ (അ) മനസ്സിലാക്കി.

അല്ലാമാ ശഅ്റാവിയുടെ വീക്ഷണത്തിൽ, കാറ്റുപോലുള്ള പ്രകൃതിശക്തികളിലും പ്രകൃത്യാതീത ശക്തികളായ ജിന്നു-ചെകുത്താന്മാരിലും അധികാരം ചെലുത്താൻ കഴിയുന്നുവെന്നത് സുലൈമാൻ നബിയെ അൽപം ആത്മപ്രശംസകനാക്കിയിരിക്കാം. അതായിരിക്കണം അദ്ദേഹത്തിന്റെ വീഴ്ച. താനും തനിക്കുള്ള സകലതും അല്ലാഹു നൽകിയതു മാത്രമാകുന്നു എന്ന വിചാരത്തിലേക്കു മടങ്ങിവരാൻ അല്ലാഹു ഏർപ്പെടുത്തിയ ശിക്ഷണ നടപടിയാണ് 'പീഠത്തിൽ ജഡമിടൽ.' അദ്ദേഹത്തിന്റെ ഭൗതികവും അഭൗതികവുമായ എല്ലാ കഴിവുകളും അധികാരങ്ങളും അല്ലാഹു സസ്പെന്റ് ചെയ്തു. അദ്ദേഹം നിസ്വനും നിരാലംബനുമായ ഒരു പാവം മനുഷ്യനായി മാറി. താൻ ഒന്നുമല്ലെന്നും വല്ലതും ആകുന്നത് അല്ലാഹു ആക്കുമ്പോൾ മാത്രമാണെന്നും ഓർത്തപ്പോൾ അദ്ദേഹത്തിന് വീഴ്ച ബോധ്യമായി. പിന്നെ പശ്ചാത്തപിക്കുകയും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുകയും ചെയ്തു. ثُمَّ أَنَابَ-ന്റെ താൽപര്യം ജഡാവസ്ഥയിലായതിനെ തുടർന്ന് വീഴ്ച മനസ്സിലാക്കിയശേഷം പശ്ചാത്തപിച്ചു എന്നാണ്. اناب-യെ ഭാഷാർഥത്തിലെടുക്കുമ്പോൾ ജഡാവസ്ഥയിലായ ശേഷം പൂർവാവസ്ഥയിലേക്കു മടങ്ങി എന്നും അർഥമാവാം.

ദാവൂദ് നബിയുടെ വീഴ്ചയെന്ന പോലെ സുലൈമാൻ നബിയുടെയും വീഴ്ച എന്തായിരുന്നു എന്ന് വ്യക്തമാക്കാതിരുന്നത് ഇരുകൂട്ടർക്കും സംഭവിച്ച വീഴ്ച ചർച്ച ചെയ്യുക ഉദ്ദേശ്യമല്ലാത്തതുകൊണ്ടാണ്. ഇവിടെ അവരെ അനുസ്മരിക്കുന്നതിന്റെ ലക്ഷ്യം അന്ത്യപ്രവാചകനെയും വിശ്വാസികളെയും ഇങ്ങനെ ഉദ്ബോധിപ്പിക്കുകയാണ്: ദാവൂദ്-സുലൈമാൻ നബിമാർ മഹാ ദൈവഭക്തരായ പ്രവാചകന്മാരും പുണ്യാത്മാക്കളുമായിരുന്നതോടൊപ്പം കടുത്ത പരീക്ഷണങ്ങളിലകപ്പെട്ടിട്ടുള്ളവരുമാകുന്നു. തങ്ങൾ പരീക്ഷിക്കപ്പെടുകയാണെന്നും അത് തങ്ങളുടെ വീഴ്ച കൊണ്ടാണെന്നും മനസ്സിലായപ്പോൾ അവർ അല്ലാഹുവിനോട് ആത്മാർഥമായി തൗബ ചെയ്യുകയും മാപ്പു തേടുകയും ചെയ്തു. മാനുഷികമായ വീഴ്ചകൾ സംഭവിക്കുന്നതുകൊണ്ട് പ്രവാചകത്വമടക്കമുള്ള മഹത്വങ്ങളും പുണ്യങ്ങളും നഷ്ടപ്പെടുന്നില്ല. പശ്ചാത്തപിക്കുകയും മാപ്പു തേടുകയും ചെയ്യുന്നതോടെ വീഴ്ചകൾ പരിഹരിക്കപ്പെടുന്നു. അല്ലാഹു അവരെ തെറ്റുകളൊന്നും ചെയ്തിട്ടില്ലാത്തവരെപ്പോലെയാണ് പരിഗണിക്കുക. തെറ്റുകൾ സമ്മതിക്കുകയോ കുറ്റബോധമുണ്ടാവുകയോ ചെയ്യാതെ ഉറച്ചു നിൽക്കുകയും ആവർത്തിക്കുകയും ചെയ്യുന്നവർ അല്ലാഹുവിൽനിന്നകലുകയും ചെകുത്താനോടടുക്കുകയും ചെയ്യുന്നു.

قَالَ رَبِّ ٱغْفِرْ لِى وَهَبْ لِى مُلْكًا لَّا يَنۢبَغِى لِأَحَدٍ مِّنۢ بَعْدِىٓ ۖ إِنَّكَ
أَنتَ ٱلْوَهَّابُ ﴿٣٥﴾

35. അദ്ദേഹം പ്രാർഥിച്ചു: എന്റെ നാഥാ എനിക്കു പൊറുത്തുതരേണമേ, എനിക്കുശേഷം ആർക്കും ഭൂഷണമല്ലാത്ത ഒരു കഴിവ് എനിക്കു സമ്മാനിക്കുകയും ചെയ്യേണമേ. നീ അത്യുദാരദാനി തന്നെയാണല്ലോ.

**35**

قَالَ = അദ്ദേഹം പറഞ്ഞു (പ്രാർഥിച്ചു) رَبِّ اغْفِرْ لِي = എന്റെ നാഥാ, എനിക്കു പൊറുത്തുതരേണമേ

وَهَبْ لِي= നീ എനിക്കു സമ്മാനിക്കുകയും ചെയ്യേണമേ مُلْكًا = ഒരധികാരം, രാജത്വം (കഴിവ്)

لَّا يَنبَغِي = ആവശ്യമില്ലാത്ത (ഭൂഷണമല്ലാത്ത) لِأَحَدٍ= ഒരുത്തനും (ആർക്കും)

مِّن بَعْدِي= എനിക്കു ശേഷം إِنَّكَ أَنتَ الْوَهَّابُ = തീർച്ചയായും നീ അത്യുദാരദാനി തന്നെയാണല്ലോ

തന്റെ വീഴ്ചയിൽ പശ്ചാത്തപിച്ചുകൊണ്ട് സുലൈമാൻ നബി നടത്തിയ പ്രാർഥനയാണിത്. തെറ്റ് പൊറുക്കേണമേ എന്നപേക്ഷിക്കുന്നതോടൊപ്പം അദ്ദേഹം മറ്റൊരാവശ്യം കൂടി ഉന്നയിക്കുന്നു; هَبْ لِي مُلْكًا لَّا يَنبَغِي لِأَحَدٍ مِّن بَعْدِي. 'മുൽകി'ന്റെ അർഥം 3:26 സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. രാജത്വവും ഉടമസ്ഥാധികാരവും കൈകാര്യശേഷിയുമെല്ലാം ملك-ന്റെ ആശയത്തിൽ പെടുന്നു. ഈ പ്രാർഥനയുടെ സാഫല്യമായിട്ടായിരിക്കാം അല്ലാഹു അദ്ദേഹത്തിന് ജിന്ന്, ചെകുത്താൻ പോലുള്ള ചില അമാനുഷ ശക്തികളെ വിധേയ സേവകരാക്കി കൊടുത്തത് എന്നു കരുതാവുന്നതാണ്. തനി

ക്കുശേഷം മറ്റാർക്കും ലഭിക്കാത്ത വിശാലമായ രാജ്യം തനിക്കു നൽകേണമേ എന്നായിരുന്നില്ല അദ്ദേഹം ഉദ്ദേശിച്ചതെന്ന് വ്യക്തമാണ്. ചില കഥകളിൽ പറയുന്നതുപോലെ അദ്ദേഹം ഭൂലോക ചക്രവർത്തിയൊന്നും ആയിരുന്നില്ല. യൂറോ-ആഫ്രിക്കൻ പ്രദേശങ്ങളിലേക്കോ ഏഷ്യയുടെ തന്നെ പൂർവ ദക്ഷിണ ദിക്കുകളിലേക്കോ വികസിക്കാതെ പശ്ചിമേഷ്യയിൽ ഒതുങ്ങിയതായിരുന്നു അദ്ദേഹത്തിന്റെ രാജ്യം. തനിക്കുശേഷം തന്റെ പുത്രൻ രാജാവാകണമെന്നും അങ്ങനെ രാജത്വം തന്റെ വംശപരമ്പരയിൽതന്നെ നിലനിൽക്കണമെന്നും ആഗ്രഹിച്ചതിൽനിന്നാണ് പശ്ചാത്തപിക്കുന്നത് എന്നു വെച്ചാൽ ആശയം ഇതാണ്: അല്ലാഹുവേ, എനിക്കു നഷ്ടമായ അധികാരം തിരിച്ചുതരേണമേ, എനിക്കു ശേഷം എന്റെ മക്കൾക്കാർക്കും അതു നൽകേണ്ടതില്ല. എന്റെ രാജത്വം എന്നിൽതന്നെ അവസാനിച്ചുകൊള്ളട്ടെ. രാജത്വത്തിനും പ്രവാചകത്വത്തിനും പുറമെ സാധാരണ രാജാക്കന്മാർക്കും പ്രവാചകന്മാർക്കും നൽകേണ്ടതില്ലാത്ത ചില അമാനുഷിക സിദ്ധികൾ കൂടി എനിക്കു നൽകേണമേ എന്നാണീ പ്രാർഥനയുടെ ആശയമെന്ന് ഇമാം സമഖ്ശരി വ്യാഖ്യാനിച്ചിരിക്കുന്നു. താൻ ആവശ്യപ്പെടുന്ന 'മുൽക്' മറ്റുള്ളവർക്ക് ലഭിച്ചാൽ അവരതിൽ അല്ലാഹുവിന്റെ പരിധികൾ - حدود الله- സൂക്ഷിക്കുകയില്ല എന്ന ഭയം കൊണ്ടാണ് മറ്റാർക്കും ഭൂഷണമല്ലാത്തത്- നൽകേണ്ടതില്ലാത്തത്- എന്ന് അതിനെ വിശേഷിപ്പിച്ചതെന്നും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹിയുടെ വീക്ഷണത്തിൽ ഈ പ്രാർഥനയുടെ അർഥമിതാണ്: എന്റെ തെറ്റു മൂലം ഞാൻ യാതൊരധികാരത്തിനും അർഹനല്ലാതായിരിക്കുന്നുവെങ്കിലും നിന്റെ അപാരമായ ഔദാര്യത്താൽ, എന്റെ ശേഷം മറ്റാർക്കും ഭൂഷണമല്ലാത്ത തരത്തിലുള്ള ഒരമാനുഷസിദ്ധി എനിക്കരുളേണമേ, നീ അത്യുദാരമായി ദാനം ചെയ്യുന്നവനാകയാൽ, എന്നിൽ വീഴ്ചകൾ വന്നു പോയിട്ടുണ്ടെങ്കിലും നീ എന്നെ നിരാശനാക്കുകയില്ലെന്ന് ഞാൻ പ്രതീക്ഷിക്കുന്നു - إِنَّكَ أَنتَ الْوَهَّابُ.

فَسَخَّرْنَا لَهُ ٱلرِّيحَ تَجْرِى بِأَمْرِهِۦ رُخَآءً حَيْثُ أَصَابَ ﴿٣٦﴾

36 അപ്പോൾ നാം അദ്ദേഹത്തിന് കാറ്റിനെ വിധേയമാക്കിക്കൊടുത്തു. അദ്ദേഹം ഉദ്ദേശിക്കുന്ന ദിശയിലേക്ക് അത് മൃദുലമായി വീശിക്കൊണ്ടിരുന്നു.

وَٱلشَّيَٰطِينَ كُلَّ بَنَّآءٍ وَغَوَّاصٍ ﴿٣٧﴾

37. ചെകുത്താന്മാരെയും സകലതരം വാസ്തുവിദ്വാന്മാരെയും മുങ്ങൽ വിദഗ്ധരെയും കൂടി കീഴ്പ്പെടുത്തിക്കൊടുത്തു.

وَءَاخَرِينَ مُقَرَّنِينَ فِى ٱلْأَصْفَادِ ﴿٣٨﴾

38. ചങ്ങലകളിൽ ബന്ധിതരായ മറ്റു ചിലരെയും.

**36-38**

فَسَخَّرْنَا لَهُ الرِّيحَ = അപ്പോൾ നാം അദ്ദേഹത്തിനു കാറ്റിനെ വിധേയമാക്കിക്കൊടുത്തു

تَجْرِي بِأَمْرِهِ = അദ്ദേഹത്തിന്റെ ആജ്ഞാനുസാരം അത് ഒഴുകുന്നു (വീശിക്കൊണ്ടിരുന്നു)

رُخَاءً = മൃദുലമായി, സൗമ്യമായി, സുഖകരമായി حَيْثُ أَصَابَ = അദ്ദേഹം ഉദ്ദേശിച്ച ദിശയിലേക്ക്

وَالشَّيَاطِينَ = ചെകുത്താന്മാരെയും كُلَّ بَنَّاءٍ = സകല (തരം) നിർമാണക(വാസ്തുവിദ്വാന്മാ)രെയും

وَغَوَّاصٍ = മുങ്ങൽ വിദഗ്ധന്മാരെയും (കൂടി കീഴ്പ്പെടുത്തിക്കൊടുത്തു) وَآخَرِينَ = മറ്റുള്ളവ(ചില)രെയും

مُقَرَّنِينَ = ബന്ധിതരായ നിലയിൽ فِي الْأَصْفَادِ = ചങ്ങലകളിൽ

സുലൈമാൻ നബിയുടെ പ്രാർഥനക്ക് അല്ലാഹുവിങ്കൽനിന്നുണ്ടായ ഉത്തരമാണീ സൂക്തങ്ങൾ പറയുന്നത്. അദ്ദേഹം ചോദിച്ചത് രാജ്യാധികാരത്തിന്റെ വിസ്തൃതിയല്ല, അമാനുഷികമായ ചില കഴിവുകളായിരുന്നുവെന്ന് ഇതിൽനിന്നു വ്യക്തമാകുന്നു. കാറ്റിനെ കൈകാര്യം ചെയ്യാനുള്ള കഴിവും ജിന്നു-പിശാചുകളിലുള്ള ആധിപത്യവും തന്നെയാവാം ആവശ്യപ്പെട്ടത്. സുലൈമാൻ നബിക്ക് അല്ലാഹു കാറ്റിനെ വിധേയപ്പെടുത്തിക്കൊടുത്തും- سَخَّرْنَا لَهُ الرِّيحَ എന്നതിന്റെ ആശയം കാറ്റിന്റെ ഗതിവിഗതികളെ അദ്ദേഹത്തിന്റെ താൽപര്യങ്ങൾക്കും ആജ്ഞകൾക്കും ഇണക്കിക്കൊടുത്തു, കാറ്റുകളെ സേവകരാക്കിക്കൊടുത്തു എന്നാണ്. أَصَابَ എന്ന ക്രിയ صوب (ഉദ്ദേശ്യം, ഉദ്ദിഷ്ടദിശ)യിൽനിന്നുള്ളതാണ്. أَصَابَ الصَّوَابَ فأَخْطَأَ الْجَوَابَ- ശരിയുദ്ദേശിച്ചു പറഞ്ഞ ഉത്തരം തെറ്റിപ്പോയി- എന്ന് ഒരു ശൈലി അറബികൾക്കിടയിലുണ്ട്. മൃദുലവും സുഖകരവും ആശ്വാസപ്രദവുമായതാണ് رُخاء. സുലൈമാൻ നബിയുടെ ആജ്ഞാനുസാരം അദ്ദേഹം ഉദ്ദേശിച്ച ദിശയിലേക്ക് കപ്പലുകൾ സുഗമമായി സഞ്ചരിക്കുംവണ്ണം കാറ്റിന്റെ സേവനം ഇണക്കിക്കൊടുത്തു എന്നാണ് വചന താൽപര്യം. 21:78-ൽ കാറ്റിനെ വിശേഷിപ്പിക്കുന്നത് عَاصِفَة- കൊടുങ്കാറ്റ് എന്നാണ്. അവിടെയും تَجْرِي بِأَمْرِهِ- അദ്ദേഹത്തിന്റെ ആജ്ഞാനുസാരം സഞ്ചരിക്കുന്നത്- എന്നു പറഞ്ഞിരിക്കുന്നു. അവിടെ കപ്പലുകളെ അതിവേഗം ചലിക്കാൻ പര്യാപ്തമായ ശക്തിയുള്ള കാറ്റിനെ പ്രത്യേകം സൂചിപ്പിക്കുകയായിരുന്നു. തന്റെ അഭീഷ്ടപ്രകാരം ഇളംകാറ്റായും കൊടുങ്കാറ്റായും വായുവിനെ ചലിപ്പിക്കാൻ കഴിയുമായിരുന്നു സുലൈമാൻ നബിക്ക്.

സുലൈമാൻ നബിക്ക് അല്ലാഹു മെരുക്കിക്കൊടുത്ത അഭൗമശക്തി ചെകുത്താന്മാരായിരുന്നു. شياطين കൊണ്ട്

ഇവിടെ ഉദ്ദേശ്യം ജിന്നുകളാണ്. 34:12-ൽ ഇവരെ ജിന്നുകൾ എന്നു തന്നെയാണ് പറഞ്ഞിട്ടുള്ളത്. ജിന്നുകളുടെ കൂട്ടത്തിലെ ദുഷ്ടന്മാർ -പൈശാചികർ ആയിരുന്നു സുലൈമാൻ നബിക്ക് കീഴ്പ്പെടുത്തപ്പെട്ടവരെന്ന് ഈ സന്ദർഭത്തിലെ شَيَاطِينَ എന്ന പദപ്രയോഗം വ്യക്തമാക്കുന്നു. ചെകുത്താന്റെ ഉത്ഭവം ജിന്നുകളിൽനിന്നാണെന്ന് ഖുർആൻ പറയുന്നുണ്ട് (18:50). സന്മാർഗികളായ ജിന്നുകളെ അല്ലാഹു നിന്ദിക്കുകയോ പീഡിപ്പിക്കുകയോ ഇല്ല.

വായുവിനെയും ജിന്നുകളെയും സുലൈമാൻ നബി വരുതിയിലാക്കിയിരുന്നത് വെറും ഒരു രസത്തിനു വേണ്ടിയല്ല. വായുചലനത്തെ നാവികസഞ്ചാരത്തിലും സമുദ്രവ്യാപാരത്തിലും പ്രയോജനപ്പെടുത്തി സ്വരാജ്യത്ത് സാമ്പത്തിക വികസനം സാധ്യമാക്കുകയായിരുന്നു. ജിന്നുകളെ നിർമാണ പ്രവർത്തനങ്ങളിലും സമുദ്രത്തിൽ മുങ്ങി മുത്തു വാരുന്നതിലും ഏർപ്പെടുത്തി. ജോലിയൊന്നും ഏൽപിക്കാതെ കുറേ ജിന്നുകളെ ചങ്ങലകളിൽ പൂട്ടിയിടുകയും ചെയ്തിരുന്നു. അത് അടിയന്തരഘട്ടങ്ങളിൽ ഉപയോഗിക്കാനുള്ള റിസർവ് ഫോഴ്സായിരിക്കാം. ഓടിപ്പോകാൻ സാധ്യതയുള്ള ധിക്കാരികളുമാകാം. മറ്റൊരഭിപ്രായം ഇങ്ങനെയുമുണ്ട്: അതിഗംഭീരവും കമനീയവും അതുല്യവുമായ നിർമിതികൾ സ്ഥാപിച്ച രാജാക്കന്മാർ അതു പണിത വിദഗ്ധന്മാരെ തടവിലാക്കുമായിരുന്നു; ആ വിദഗ്ധർ അതുപോലൊന്ന് മറ്റേതെങ്കിലും രാജാവിന് നിർമിച്ചുകൊടുത്തുകൊണ്ട് തന്റെ നിർമിതിയുടെ അതുല്യത ഹനിക്കാതിരിക്കാൻ. പക്ഷേ, സുലൈമാൻ നബിയെപ്പോലെ നീതിമാനായ രാജാവിൽനിന്ന് ഇത്തരം നടപടികൾ പ്രതീക്ഷിക്കാവതല്ല.

كُلَّ بَنَّاءٍ...... - എല്ലാ നിർമാണകരെയും എന്നതുകൊണ്ടുദ്ദേശ്യം എല്ലാ തരത്തിലും പെട്ട വാസ്തുവിദ്യാന്മാരെയും മുങ്ങൽ വിദഗ്ധന്മാരെയും എന്നാണ്. അവരിൽ മനുഷ്യരും ഏറെയുണ്ടായിരുന്നു. തലസ്ഥാന നഗരിയിലെ കമനീയവും ഗംഭീരവുമായ സൗധങ്ങളും ദേവാലയങ്ങളും പണിയാൻ സുലൈമാൻ നബി അയൽനാടുകളിൽനിന്നുള്ള വാസ്തുവിദ്യാന്മാരെ വരുത്തിയിരുന്നതായി ചരിത്രം പറയുന്നുണ്ട്. സാദാ തൊഴിലാളികളേറെയും ജിന്നുകളായിരുന്നിരിക്കാം.

സുലൈമാൻ നബിക്ക് ജിന്നുകളെയും കാറ്റുകളെയും വിധേയപ്പെടുത്തിയ കാര്യം നേരത്തേ 21:81-ലും 34:12-14 ലും പ്രസ്താവിച്ചിരിക്കുന്നു. കൂടുതൽ വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. ●